# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2352 12.03.2020-ന് മറുപടിയ്ക്ക്

### പപ്പടച്ചെട്ടി വിഭാഗത്തിന് ഒ.ബി.സി. സർട്ടിഫിക്കറ്റ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഷാഫി പറമ്പിൽ : | ശ്രീ. എ. കെ. ബാലൻ<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
| (എ) പാലക്കാട് ജില്ലയിൽ പരമ്പരാഗതമായി പപ്പട നിർമ്മാണം കുലത്തൊഴിലായി സ്വീകരിച്ചിട്ടുള്ള കുരുക്കൾ/ ഗുരുക്കൾ/ചെട്ടി/ചെട്ടിയാർ/പപ്പടചെട്ടി എന്നീ വിഭാഗങ്ങളിലുൾപ്പെട്ടവർക്ക് നിലവിൽ നൽകിവരുന്ന ജാതി സർട്ടിഫിക്കറ്റിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;<br><br>(ബി) ഈ വിഭാഗക്കാർക്ക് ഒ.ബി.സി. സർട്ടിഫിക്കറ്റ് നൽകുന്ന കാര്യം പരിഗണിക്കാമോ ; ഇത് സംബന്ധിച്ച് സർക്കാർ നടത്തിയ തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (എ) യും (ബി) യും പാലക്കാട് ജില്ലയിൽ പരമ്പരാഗതമായി പപ്പട നിർമ്മാണം കുലത്തൊഴിലായി സ്വീകരിച്ചിട്ടുള്ള കുരുക്കൾ/ഗുരുക്കൾ/ചെട്ടി/ ചെട്ടിയാർ/പപ്പടചെട്ടി എന്നീ വിഭാഗങ്ങളിലുൾപ്പെട്ടവർക്ക് നിലവിൽ ഒ.ബി.സി ജാതി സർട്ടിഫിക്കറ്റ് ലഭ്യമാവുന്നില്ല എന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം പഠിച്ച് റിപ്പോർട്ട് നൽകുന്നതിന് ഈ വകുപ്പിന്റെ മുൻ ഡയറക്ടറായിരുന്ന ശ്രീ വി.ആർ. ജോഷിയുടെ നേതൃത്വത്തിൽ 07.10.2015 -ലെ സ.ഉ.(കൈ) നം.13/2015/പി.സ.വി.വ. പ്രകാരം രൂപീകരിച്ച സമിതി 06.01.2016 -ന് യോഗം ചേരുകയും പ്രസ്തുത യോഗത്തിന്റെ അടിസ്ഥാനത്തിൽ സമിതി അംഗീകരിച്ച ശിപാർശകൾ സർക്കാരിൽ സമർപ്പിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ അർഹതപ്പെട്ട ജനവിഭാഗങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കാത്തതിനാൽ കുരുക്കൾ / ഗുരുക്കൾ എന്നീ സ്ഥാനപ്പേരിൽ അറിയപ്പെടുന്നവരും പപ്പട നിർമ്മാണം കുലത്തൊഴിലായി സ്വീകരിച്ചവരുമായ വീര ശൈവ (പണ്ടാരം) സമുദായത്തിൽപ്പെട്ടവർക്ക് അവർ പ്രസ്തുത ജാതിക്കാരാണെന്ന് തെളിയിക്കാൻ കഴിയുമെങ്കിൽ അക്കാര്യം പരിശോധിച്ച് അത്തരത്തിൽ ജാതി സർട്ടിഫിക്കറ്റ് നൽകുവാൻ ബന്ധപ്പെട്ട റവന്യൂ അധികാരികൾക്ക് നിർദ്ദേശം നൽകുവാൻ ലാന്റ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ